**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1593** **11-10-2024 - ൽ മറുപടിയ്ക്ക്**

**ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൂൺ കൃഷി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൂൺ കൃഷി നടപ്പാക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്നും, പദ്ധതിയുടെ നടത്തിപ്പിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നും അറിയിക്കാമോ; | (എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കൂൺ ഗ്രാമം.<br><br>100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾ, 2 വൻകിട കൂൺ ഉത്പാദന യൂണിറ്റുകൾ, 1 കൂൺ വിത്തുൽപ്പാദന യൂണിറ്റ്, 3 കൂൺ സംസ്കരണ യൂണിറ്റുകൾ, 2 പായ്ക്ക് ഹൗസുകൾ, 10 കമ്പോസ്റ്റ് ഉൽപ്പാദന യൂണിറ്റുകൾ എന്നിവ ചേർന്നതാണ് ഒരു സമഗ്ര കൂൺ ഗ്രാമം. പരിശീലന പരിപാടികൾക്കായുള്ള 1 ലക്ഷം രൂപ ഉൾപ്പടെ ആകെ 30.25 ലക്ഷം രൂപയാണ് ഒരു കൂൺ ഗ്രാമത്തിനായി വകയിരുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് ഇത്തരം 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുവാനാണ് പദ്ധതി മുഖേന ഉദ്ദേശിക്കുന്നത്. ഇതിൽ ഒരു കൂൺ ഗ്രാമം പട്ടികജാതി-പട്ടികവർഗ വിഭാഗത്തിനായി മാറ്റിവെച്ചിട്ടുള്ളതാണ്.<br><br>കൂൺഗ്രാമം പദ്ധതി ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുന്നതിനായി ഇരുപതു ബ്ലോക്കുകളിൽ നടപ്പിലാക്കി വരുന്നു .പതിനാലു ജില്ലകളിലെ പദ്ധതി നടപ്പിലാക്കുന്ന ബ്ലോക്കുകളിലെ പഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ ന | ജില്ല | ബ്ലോക്ക് | പഞ്ചായത്ത് |
|---|---|---|---|
| 1. | തിരുവനന്തപുരം | നെടുമങ്ങാട് | വട്ടിയൂർക്കാവ്, ആനാട്, പനവൂർ, വെമ്പായം, കരകുളം, കുടപ്പനക്കുന്ന്, അരുവിക്കര |
| 1. | കൊല്ലം | അഞ്ചൽ | അഞ്ചൽ, അലയമൺ, ആര്യൻകാവ്, കരവാളൂർ, ഇടമുളയ്ക്കൽ, കുളത്തുപ്പുഴ. തെന്മല, ഏരൂർ. |
| | | കൊട്ടാരക്കര | കൊട്ടാരക്കര, നെടുവത്തൂർ, എഴുകോൺ, കരീപ്ര, വെളിയം, പൂയപ്പള്ളി |
| 1. | പത്തംനംതിട്ട | റാന്നി | നാറാണംമൂഴി, റാന്നി അങ്ങാടി, സീതത്തോട്, ചിറ്റാർ, വടശ്ശേരിക്കര, റാന്നി പഴവങ്ങാടി, റാന്നി പെരുനാട്, റാന്നി തോട്ടമൺ, വെച്ചൂച്ചിറ |
| 1. | ആലപ്പുഴ | ചേർത്തല | ചേർത്തല മുസിപ്പാലിറ്റി, കഞ്ഞിക്കുഴി, മാരാരിക്കുളം നോർത്ത്, മുഹമ്മ, ചേർത്തല സൗത്ത്, കടക്കരപ്പള്ളി, തണ്ണീർമുക്കം |

| | | | |
|---|---|---|---|
| | | ചെങ്ങന്നൂർ | മാന്നാർ, ആല, പാണ്ടനാട്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, ചെറിയനാട്, വെൺമണി, തിരുവൻവണ്ടൂർ, ബുധനൂർ, മുളക്കുഴ, പുലിയൂർ |
| 1. | കോട്ടയം | കടുത്തുരുത്തി | കടുത്തുരുത്തി, കല്ലറ, വെള്ളൂർ, മുളക്കുളം, തലയോലപ്പറമ്പ്, നീഴൂർ |
| 1. | ഇടുക്കി | തൊടുപുഴ | തൊടുപുഴ മുനിസിപ്പാലിറ്റി, മണക്കാട്, മുട്ടം, പുറപ്പുഴ, കരിംകുന്നം, കുമാരമംഗലം, ഇടവെട്ടി |
| 1. | എറണാകുളം | നോർത്ത് പറവൂർ | കോട്ടുവള്ളി, ഏഴിക്കര, വടക്കേക്കര, നോർത്ത് പറവൂർ, ചിറ്റാറ്റുകര, ചേന്ദമംഗലം |
| | | ആലങ്ങാട് | കരുമാല്ലൂർ, ഏലൂർ, ആലുവ, ആലങ്ങാട്, വരാപ്പുഴ, കടുങ്ങല്ലൂർ |
| 1. | തൃശ്ശൂർ | ഒല്ലൂക്കര | പാണഞ്ചേരി, നടത്തറ, മടക്കത്തറ, പുത്തൂർ, കോർപ്പറേഷൻ പരിധിയിലെ ഒല്ലൂക്കര, വിൽവട്ടം, തൃശ്ശൂർ |
| | | മതിലകം | എടത്തിരുത്തി, എടവിലങ്ങ്, എറിയാട്, കൈപ്പമംഗലം, മതിലകം, പെരിഞ്ഞനം, ശ്രീനാരായണപുരം |
| 1. | പാലക്കാട് | തൃത്താല | ആനക്കര, ചാലിശ്ശേരി, പട്ടിത്തറ, കപ്പൂർ, നാഗലശ്ശേരി, തിരുമറ്റക്കോട്, തൃത്താല |
| 1. | കോഴിക്കോട് | തൂണേരി | തൂണേരി, എടച്ചേരി, പുറമേരി, നാദാപുരം, ചെക്കിയാട്, വളയം, വാണിമേൽ |
| | | ചേളന്നൂർ | കക്കോടി, ചേളന്നൂർ, നരിക്കുനി, നന്മണ്ട, തലക്കുളത്തൂർ,കാക്കൂർ |
| 1. | വയനാട് | മാനന്തവാടി | മാനന്തവാടി, എടവക, തവിഞ്ഞാൽ, തിരുനെല്ലി, വെള്ളമുണ്ട, തൊണ്ടർനാട് |
| 1. | മലപ്പുറം | പരപ്പനങ്ങാടി | പരപ്പനങ്ങാടി, തിരുരങ്ങാടി,തേഞ്ഞിപ്പാലം, മൂന്നിയൂർ, പെരുവള്ളൂർ, നന്നമ്പ്ര, വള്ളിക്കുന്ന്. |
| 1. | കണ്ണൂർ | പേരാവൂർ | കൊട്ടിയൂർ, കേളകം, കണിച്ചാർ, പേരാവൂർ, മുഴക്കുന്ന്, മാലൂർ, കോളയാട് |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td>തലശ്ശേരി</td><td>എരഞ്ഞോളി, ധർമ്മടം, കോടിയേരി, വേങ്ങാട്, പിണറായി, അഞ്ചരക്കണ്ടി, ന്യൂമാഹി, മുഴപ്പിലങ്ങാട്, തലശ്ശേരി മുനിസിപ്പാലിറ്റി</td></tr>
<tr><td>1.</td><td>കാസറഗോഡ്</td><td>പരപ്പ</td><td>ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി, പനത്തടി, ബളാൽ, കള്ളാർ, കോടോം ബേളൂർ, കിനാനൂർ കരിന്തളം</td></tr>
</table>
കർഷകർ, കർഷക സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, കുടുംബശ്രീ എന്നീ ഏജൻസികൾ മുഖേന സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനു കീഴിൽ ജില്ലാ ഹോർട്ടിക്കൾച്ചർ മിഷനാണ് പദ്ധതി നടപ്പിലാക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് കാർഷിക സർവകലാശാല, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, സമേതി, പരിചയ സമ്പന്നരായ ക്ലബ് കർഷകർ എന്നിവർ മുഖേന ആവശ്യമായ പരിശീലനം നൽകി വരുന്നു.
</td>
</tr>
<tr>
<td>(ബി)</td>
<td>കൂടുതൽ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?</td>
<td>(ബി)</td>
<td>തുടർച്ചയായി 100 ഹെക്ടർ തെങ്ങു കൃഷിയുള്ള പ്രദേശത്താണ് നടപ്പാക്കുന്നത്. 2014-15 മുതൽ 2023-24 വരെ 474 കേര ഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 54 കേര ഗ്രാമങ്ങൾ നടപ്പിലാക്കുവാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും സ്ഥല ലഭ്യതയും അനുസരിച്ച് കൂടുതൽ കേര ഗ്രാമങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ